ഇലക്ട്രോണിക് മാധ്യമ വിഭാഗം

21 (*471) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാർത്താവിതരണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു ഇലക്ട്രോണിക് മാധ്യമ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നുവോ ;

(ബി) ഈ സമിതി ഇക്കാര്യത്തിൽ സർക്കാരിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത് ;

(സി) പുതുതായി രൂപീകരിച്ച ഇലക്ട്രോണിക് മാധ്യമ വിഭാഗം എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

മുഖ്യമന്ത്രി (വി. എസ്. അച്യുതാനന്ദൻ) :

(എ) ഇലക്ട്രോണിക് മാധ്യമ വിഭാഗം രൂപീകരിക്കുന്നതുൾപ്പെടെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നവീകരണം ലക്ഷ്യമാക്കിയുള്ള പഠനത്തിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) സമിതി ഇതു സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി

(1) ജനപ്രതികരണം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എത്തിക്കുന്നതിനായി മീഡിയാ മോണിറ്ററിംഗ് & ഫീഡ് ബാക്ക് സംവിധാനം ഏർപ്പെടുത്തുക.

(2) സർക്കാരിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സേവനങ്ങളും ലഭ്യമാകുന്ന തരത്തിൽ സർക്കാർ വെബ്പോർട്ടലിനെ ഇൻഫർമേഷൻ ഗേറ്റ് വേ ആയി രൂപാന്തരപ്പെടുത്തുക.

(3) ജില്ലയിൽ നിന്നുള്ള വീഡിയോ ക്ലിപ്പിംഗുകൾ സെർവർ വഴി ഡയറക്ടറേറ്റിലും മാധ്യമങ്ങൾക്കും എത്തിക്കുവാൻ ഇന്റർനെറ്റ് മെയിൽ സംവിധാനം ഏർപ്പെടുത്തുക.

(4) വകുപ്പിന് കീഴിലുള്ള ഫോട്ടോഗ്രാഫി വിഭാഗം നവീകരിച്ച് പഴയകാല ഫോട്ടോകൾ സൂക്ഷിച്ച് വയ്ക്കുന്നതിനായി ഡിജിറ്റൽ ആർക്കൈവ്സ് സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(5) വകുപ്പിന് കീഴിൽ ഒരു കമ്പനി രൂപീകരിച്ച് സർക്കാർ തലത്തിൽ ടെലിവിഷൻ ചാനൽ തുടങ്ങുക.

(സി) പുതുതായി രൂപീകരിച്ച ഇലക്ട്രോണിക് മാധ്യമ വിഭാഗം താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പൊതുജന പരാതി പരിഹാരത്തിനായി സുതാര്യകേരളം പോലുള്ള പരിപാടികൾ ഒരുക്കുക, സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരിക പൈതൃകം, ബന്ധപ്പെട്ട മറ്റ് മേഖലകൾ എന്നിവയെക്കുറിച്ച് ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ, പരമ്പരകൾ എന്നിവ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്തെമ്പാടും നടക്കുന്ന സർക്കാർ പരിപാടികളുടെ വീഡിയോ കവറേജ് നടത്തി വീഡിയോ ക്ലിപ്പിംഗ് ചാനലുകൾക്ക് ലഭ്യമാക്കുക, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കായി വാർത്താധിഷ്ഠിത പരിപാടികൾ തയ്യാറാക്കുക, ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും വീഡിയോ ക്ലിപ് മെയിൽ സംവിധാനം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, വീഡിയോ ന്യൂസ് ലോഗിംഗിന് മേൽനോട്ടം വഹിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഈ വിഭാഗം നടത്തിവരുന്നു.

വകുപ്പിന്റെ വീഡിയോ-ആഡിയോ ശേഖരം സംരക്ഷിക്കാനുള്ള ഡിജിറ്റലൈസ്ഡ് ആഡിയോ, വീഡിയോ ആന്റ് ഫോട്ടോ ആർക്കൈവ്സ് വികസിപ്പിക്കുക, ഡിജിറ്റൽ ഡാറ്റാ ഷോട്ട് ബൈഷോട്ടായി ഉടനടി ലഭ്യമാക്കാൻ കഴിയുന്ന പ്രവർത്തന രീതി ആവിഷ്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടന്നുവരുന്നു.

സർക്കാരിന്റെ വെബ്പോർട്ടൽ സമ്പൂർണ്ണമായ ഒരു സർവ്വീസ് ഗേറ്റ്വേ ആയി വികസിപ്പിച്ച് പരിപാലിക്കുക, പോർട്ടലും ജില്ലാ വെബ്സൈറ്റുകളും വകുപ്പിന്റെ വെബ്സൈറ്റും നവീകരിക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾക്കായി ഉള്ളടക്കം വികസിപ്പിക്കുക, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള വിവര വിനിമയത്തിനായി ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുക, വിവരാവകാശനിയമം കാര്യക്ഷമമായി വിനിയോഗിക്കാനുള്ള മാധ്യമമായി വെബിനെ ഉപയോഗിക്കുക, വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് വെബ്പോർട്ടലിലേക്ക് നിയമിച്ചിരിക്കുന്ന നോഡൽ ഓഫീസർമാരുടെ ഏകോപനം നിർവ്വഹിക്കുക, സർക്കാരിന്റെ വിവിധ വെബ്സൈറ്റുകളുടെ ഉള്ളടക്കം ഓഡിറ്റ് ചെയ്യുക എന്നീ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടന്നുവരുന്നു.

വിവിധ സർക്കാർ വകുപ്പുകൾക്കുവേണ്ടി ഇലക്ട്രോണിക് മാധ്യമങ്ങളിലേക്ക് പരസ്യം നിർമ്മിച്ച് വിതരണം, സംപ്രേഷണം, മാർക്കറ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly